ചാത്തന്നൂർ ഗവൺമെന്റ് ഐ.ടി.ഐ.

284(2753) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ ഗവ. ഐ. ടി. ഐ.-യിൽ ഇപ്പോൾ നിലവിലുള്ള ട്രേഡുകൾ ഏതൊക്കെയാണ്; ഓരോ ട്രേഡിലും എത്ര പേർക്ക് പഠന സൗകര്യം നൽകുവാൻ കഴിയും; വിശദമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനത്തിന് എല്ലാവിധ അടിസ്ഥാന സൗകര്യങ്ങളും ഉണ്ടെന്ന് ബന്ധപ്പെട്ട വകുപ്പ് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ;

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന ശേഷം ഏതെങ്കിലും ട്രേഡുകൾ ഒഴിവാക്കിയിട്ടുണ്ടോ; പുതുതായി ആരംഭിച്ച ട്രേഡുകൾ ഏതൊക്കെയാണ്; വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) ഡ്രസ്സ് മേക്കിംഗ്, ഇലക്ട്രീഷ്യൻ, പെയിന്റർ ജനറൽ, ഡ്രാഫ്റ്റ്സ്മാൻ സിവിൽ, ഫിറ്റർ, മെക്കാനിക് മോട്ടോർ വെഹിക്കിൾ, സർവ്വേയർ, വെൽഡർ എന്നീ 8 ട്രേഡുകളാണ് ചാത്തന്നൂർ ഗവൺമെന്റ് ഐ.ടി.ഐ.-യിൽ ഇപ്പോൾ നിലവിലുള്ളത്. ഓരോ ട്രേഡിലും പഠന സൗകര്യം നൽകാൻ കഴിയുന്ന കുട്ടികളുടെ എണ്ണം ചുവടെ ചേർക്കുന്നു:

നിലവിലുള്ള ട്രേഡുകൾ	കുട്ടികളുടെ എണ്ണം
1. ഡ്രസ്സ് മേക്കിംഗ്	21
2. ഇലക്ട്രീഷ്യൻ	42
3. പെയിന്റർ (ജനറൽ)	21
4. ഡ്രാഫ്റ്റ്സ്മാൻ (സിവിൽ)	21
5. ഫിറ്റർ	42
6. മെക്കാനിക്ക് മോട്ടോർ വെഹിക്കിൾ	42
7. സർവ്വേയർ	42
8. വെൽഡർ	32

LIBRARY ARCHIVES Kerala Legislative Assembly

(ബി) നിലവിലുള്ള ട്രേഡുകൾ നടത്തുന്നതിന് മതിയായ സ്ഥലസൗകര്യം ഉണ്ട്. സംസ്ഥാന സർക്കാരിൽനിന്നുള്ള രണ്ടര കോടി രൂപ ചെലവഴിച്ച് അഡ്മിനിസ്ട്രേറ്റീവ്-കം-അക്കാദമിക് ബ്ലോക്ക് കെട്ടിടവും പി.പി.പി. പദ്ധതി പ്രകാരം 59 ലക്ഷം രൂപ ചെലവഴിച്ച് കെട്ടിടവും പണി കഴിപ്പിച്ചിട്ടുണ്ട്. കൂടാതെ രണ്ട് വർക്ക്ഷോപ്പ് കെട്ടിടങ്ങൾക്കും ട്രാൻസ്ഫോമർ ഉൾപ്പെടെ ത്രീ ഫേയ്സ് കണക്ഷനും ഉണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചാത്തന്നൂർ ഐ.ടി.ഐ.-യിൽ ഒരു ട്രേഡും ഒഴിവാക്കിയിട്ടില്ല. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചാത്തന്നൂർ ഐ.ടി.ഐ.യിൽ പുതുതായി ആരംഭിച്ച ട്രേഡുകളുടെ വിശദാംശം താഴെ ചേർക്കുന്നു:

ട്രേഡുകളുടെ പേര്	യൂണിറ്റുകളുടെ എണ്ണം	ആരംഭിച്ച വർഷം
1. ഡ്രാഫ്റ്റ്സ്മാൻ (സിവിൽ)	1 യൂണിറ്റ്	2012
2. ഫിറ്റർ	1 യൂണിറ്റ്	2013
	1 യൂണിറ്റ്	2014
3. വെൽഡർ	1 യൂണിറ്റ്	2013
	1 യൂണിറ്റ്	2014
4.മെക്കാനിക്ക് മോട്ടോർ വെഹിക്കിൾ	1 യൂണിറ്റ്	2013
	1 യൂണിറ്റ്	2014
5. സർവ്വേയർ	1 യൂണിറ്റ്	2013
	1 യൂണിറ്റ്	2014

LIBRARY ARCHIVES Kerala Legislative Assembly